പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

| നക്ഷത്ര ചിഹ്നമിട്ട ചോദ്യം<br>നം. * 228 | 10.12.2014- ൽ മറുപടിക്ക് |
|---|---|

## പച്ചക്കറികളിലും പഴങ്ങളിലും ആരോഗ്യത്തിന് ഹാനികരമായ രാസവസ്തുക്കൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. വി. ചെന്താമരാക്ഷൻ<br>" ഇ. പി. ജയരാജൻ<br>" വി. ശിവൻകുട്ടി<br>" സി. രവീന്ദ്രനാഥ് | | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ ) | സംസ്ഥാനത്ത് വിറ്റഴിക്കുന്ന സംസ്ഥാനത്തിനു പുറത്തു നിന്നു ഇറക്കുമതി ചെയ്യുന്നതും അല്ലാത്തതുമായ പച്ചക്കറികളിലും പഴങ്ങളിലും ആരോഗ്യത്തിന് ഹാനികരമായ രാസവസ്തുകൾ ചേർക്കുന്നത് പൂർണ്ണമായും തടയാൻ ഭക്ഷ്യസുരക്ഷാ വകുപ്പിന് സാധിക്കാത്തതിന്റെ കാരണങ്ങൾ അറിയിക്കാമോ; | എ) | പച്ചക്കറിയിലും പഴങ്ങളിലുമുള്ള കീടനാശിനിയുടെ അളവു പരിശോധനയിലൂടെ കണ്ടെത്തുന്നതിന് സംസ്ഥാനത്ത് ലഭ്യമായ സാങ്കേതിക വിദ്യ ഉപയോഗിച്ച് പരിശോധനഫലം ലഭ്യമാകുന്നതിന് അഞ്ച് മുതൽ ഏഴ് വരെ ദിവസമെങ്കിലും കാലതാമസം നേരിടുന്നുണ്ട്. ടി കാലതാമസം ഒഴിവാക്കുന്നതിനുള്ള സാങ്കേതികവിദ്യ നിലവിൽ ലഭ്യമല്ല. സംസ്ഥാനത്ത് വിറ്റഴിക്കുന്ന സംസ്ഥാനത്തിനു പുറത്തു നിന്നും ഇറക്കുമതി ചെയ്യുന്നതും അല്ലാത്തതുമായ പച്ചക്കറികളും പഴങ്ങളും ചെക്ക്പോസ്റ്റിലൂടെ കടന്നുവരുമ്പോൾ ഫുഡ് സേഫ്റ്റി ഓഫീസർമാർ സാമ്പിളുകൾ ശേഖരിച്ച് പരിശോധനയ്ക്ക് വിധേയമാക്കുമ്പോൾ വാഹനങ്ങൾ ചെക്ക്പോസ്റ്റുകളിൽ സൂക്ഷിക്കുന്നത് പ്രയോഗികമല്ലാത്തതും പച്ചക്കറിയും പഴങ്ങളും മുഴുവനായി തന്നെ കേടുവരുവാനുള്ള സാദ്ധ്യതയുമുണ്ട്. നിലവിൽ സംസ്ഥാനത്ത് തിരുവനന്തപുരത്തുള്ള കാർഷിക |

| | | | |
|---|---|---|---|
| | | | സർവകാലശാലയുടെ പെസ്റ്റി സൈഡ് റെസഡ്യു ടെസ്റ്റിംഗ് ലബോറട്ടറിയിൽ മാത്രമാണ് കീടനാശിനികളുടെ പരിശോധനാ സംവിധാനം ലഭ്യമായിട്ടുള്ളത് ആയതുകൊണ്ട് തന്നെ മറ്റു ജില്ലകളിൽ നിന്നു സാമ്പിളുകൾ ഇവിടെ എത്തിക്കുവാൻ കാലതാമസം നേരിടുന്നുണ്ട്. |
| ബി) | ഇവയിലെ വിഷാംശം പരിശോധിക്കാനുള്ള സംവിധാനമില്ലെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ; | ബി) | പരിശോധിച്ചിട്ടുണ്ട് |
| സി) | രാസവസ്തുക്കൾ ചേർന്ന പഴം-പച്ചക്കറി വിറ്റതിനു മൊത്തവിതരണക്കാർക്കെതിരെയും ചില്ലറ വില്പന ക്കാർക്കെതിരെയും സ്വീകരിച്ച നടപടികൾ അറിയിക്കാമോ? | സി) | സംസ്ഥാനത്തെ വിപണികളിൽ നിന്ന് പഴം-പച്ചക്കറി എന്നിവയുടെ കുറച്ചു സാമ്പിളുകൾ ശേഖരിച്ച് പരിശോധിച്ചതിൽ ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമത്തിൽ അനുശാസിക്കുന്നതിൽ കവിഞ്ഞ് ഒരു സാമ്പിളിലും പരിധിക്ക് പുറത്ത് കീടനാശിനികളുടെ അളവ് കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. അതിനാൽ മൊത്തവിതരണക്കാർക്കെതിരെയും ചില്ലറ വില്പനക്കാർക്കെതിരെയും നടപടികൾ സ്വീകരിക്കാൻ കഴിഞ്ഞിട്ടില്ല. രാസവസ്തുക്കൾ ചേർന്ന പഴം-പച്ചക്കറി വ്യാപകമായി വിറ്റഴിക്കുന്നതായി പരാതി വന്നതിന്റെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ടി വിഷയം ചർച്ച ചെയ്ത് എടുത്ത തീരുമാനങ്ങൾ അനുസരിച്ച് സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് കൂടുതൽ പച്ചക്കറികൾ നിയമപ്രകാരം ശേഖരിച്ച് അവ കാർഷികസർവകലാശാലയുടെ പെസ്റ്റിസൈഡ് റെസിഡ്യു ടെസ്റ്റിംഗ് ലാബിൽ അയച്ച് പരിശോധന നടത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചു കഴിഞ്ഞു. ഇവിടെ നിന്നും ലഭിക്കുന്ന പരിശോധന ഫലങ്ങളിൽ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമ പ്രകാരം കീടനാശിനികളുടെ അളവ് കൂടുതലാണെങ്കിൽ നിയമപ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ചെക്ക്പോസ്റ്റുകളിൽ കൂടി അന്യസംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരുന്ന പച്ചക്കറികളുടെ ഉറവിടം സെയിൽസ് ടാക്സ് വകുപ്പിന്റെ സഹായത്തോടുകൂടി കണ്ടെത്തി ആ വിവരം അതാതു സംസ്ഥാനങ്ങളിലെ ഭക്ഷ്യസുരക്ഷാ കമ്മീഷണർമാരുമായി |

| | | | |
|---|---|---|---|
| | | | ആലോചിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർസ് അതോറിറ്റി ഓഫ് ഇൻഡ്യയുടെ ആഭിമുഖ്യത്തിൽ ദക്ഷിണേൻഡ്യയിലുള്ള ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ യോഗം വിളിക്കാനും പ്രശ്നം ചർച്ച ചെയ്യുവാനും തീരുമാനിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാന വ്യാപകമായ പരിശോധന കർശനമാക്കുവാൻ വേണ്ടുന്ന നിർദ്ദേശം ഇതിനകം നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**